വർഷം	സർക്കാർ	എയ്ഡഡ്	ആകെ
2016-17	1125682	2164129	3289811
2021-22	1266839	2243328	3510167 (പ്രൊവിഷണൽ)

പ്ലസ് വൺ പ്രവേശനം

197(2553) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടികൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്?

പ്ലസ് വൺ പ്രവേശനത്തിനുള്ള നടപടികൾ താമസംവിനാ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) ഹയർ സെക്കണ്ടറി വിദ്യാഭ്യാസം ആഗ്രഹിക്കുന്ന എല്ലാവർക്കും അവസരം ഒരുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ?

കഴിഞ്ഞ 5 വർഷത്തെ കണക്കുകൾ അനുസരിച്ച് പ്രവേശന നടപടികൾ അവസാനിച്ച് കഴിയുമ്പോൾ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യമാണ് എല്ലാ ജില്ലകളിലുമുള്ളത്. നിലവിൽ സംസ്ഥാനത്തെ ഒരു ജില്ലയിലും ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ അപര്യാപ്തത നിലനിൽക്കുന്നില്ല.

(സി) മലപ്പുറം ജില്ലയിൽ നിലവിലെ പ്ലസ് വൺ സീറ്റുകളേക്കാൾ ഇരുപത്തി രണ്ടായിരത്തിൽ അധികം പേർ ഉപരിപഠന യോഗ്യത നേടിയ വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

2020-21 അദ്ധ്യയന വർഷം മലപ്പുറം ജില്ലയിൽ നിന്ന് 75554 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പാസ്സായി ഉന്നത പഠനത്തിന് യോഗ്യത നേടിയിട്ടുണ്ട്. കഴിഞ്ഞ 5 വർഷത്തെ പ്രവേശന തോതനുസരിച്ച് എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ 67.92 ശതമാനം പേർ മാത്രമേ ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനം നേടുന്നുള്ളൂ. കഴിഞ്ഞ അദ്ധ്യയന വർഷം എസ്.എസ്.എൽ.സി.

LIBRARY ARCHIVES Kerala Legislative Assembly

പാസ്സായ 77370 കുട്ടികളിൽ 52727 പേർ മാത്രമാണ് പ്ലസ് വൺ പ്രവേശനം നേടിയിട്ടുള്ളത്. കൂടാതെ മലപ്പുറം ജില്ലയിൽ വൊക്കേഷണൽ ഹയർ സെക്കണ്ടറിക്ക് 2790 സീറ്റുകൾ നിലവിലുണ്ട്.

വിദ്യാർത്ഥികൾക്കായി സൈബർ ബോധവൽക്കരണ പരിപാടി

198(2554) ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ശശി:
ശ്രീ. വാഴൂർ സോമൻ:
ശ്രീ ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതും ഓൺലൈൻ വിദ്യാഭ്യാസത്തിനായുള്ള ഇന്റർനെറ്റ് ഉപയോഗം വർദ്ധിച്ചുവരുന്നതും കണക്കിലെടുത്ത് കൗമാരപ്രായത്തിലുള്ള വിദ്യാർത്ഥികൾക്കായി പ്രത്യേക സൈബർ ബോധവൽക്കരണ പരിപാടി നടത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

ഉണ്ട്. ഇന്റർനെറ്റ് ഫലപ്രദമായി ഉപയോഗിക്കുന്നത് സംബന്ധിച്ച ബോധവൽക്കരണത്തിന് അനുയോജ്യമായ പാഠഭാഗങ്ങൾ സ്കൂൾ പാഠപുസ്തകത്തിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി സ്കൂൾതലത്തിൽ ' ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ' രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ക്ലബ്ബിന്റെ പ്രവർത്തനങ്ങളിൽ സൈബർ സെക്യൂരിറ്റി ഒരു വിഭാഗമായി ഉൾപ്പെടുത്തി പരിശീലനവും നൽകുന്നുണ്ട്. കൂടാതെ മീഡിയാ ലിറ്ററസി പ്രോഗ്രാമിന്റെ ഭാഗമായി വാർത്തകളിലെ സത്യാവസ്ഥയും വ്യാജ വാർത്തകളും സംബന്ധിച്ച് 'സത്യമേവ ജയതേ' എന്ന പേരിൽ പി.ആർ.ഡി. തയ്യാറാക്കിയ പ്രത്യേക പരിപാടി കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്യുന്നുണ്ട്. വ്യാജ വാർത്ത, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക മൊഡ്യൂൾ തയ്യാറാക്കി കൈറ്റിന്റെ നേതൃത്വത്തിൽ സ്കൂൾ അദ്ധ്യാപകർക്ക് പ്രത്യേക പരിശീലന പരിപാടിയും സജ്ജമാക്കുന്നുണ്ട്.

(ബി) കൗമാര പ്രായക്കാരായ വിദ്യാർത്ഥികൾക്കായി പ്രത്യേക ബോധവൽക്കരണ പരിപാടി നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയത് സംഘടിപ്പിക്കുന്നതിന് തയ്യാറാകുമോ; വ്യക്തമാക്കാമോ?

കൗമാരക്കാരായ വിദ്യാർത്ഥികൾ ഓൺലൈൻ ഗെയിമുകളിൽ അടിമപ്പെടുന്നതും സൈബർ ചതിക്കുഴികളിൽ വീഴുന്നതും തടയാൻ പൊതുവിദ്യാഭ്യാസ വകുപ്പ്, കരിയർ ഗൈഡൻസ് ആൻഡ് അഡോളസെന്റ് കൗൺസലിംഗ് സെല്ലിന്റെ നേതൃത്വത്തിൽ ആദ്യഘട്ടത്തിൽ ഒരു മാസത്തിലേറെ നീണ്ടുനിൽക്കുന്ന "സജ്ജം" എന്ന പ്രോഗ്രാം ZOOM വെർച്വൽ പ്ലാറ്റ്ഫോം വഴി സംസ്ഥാനത്തെ മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly